# തിരക്ക് സാത്താൻറെ ദോഷകരമായ തന്ത്രം

സാക് പുന്നൻ

WFTW 29 ജനുവരി 2017

ആളുകൾക്ക് എങ്ങനെ തിരക്കുള്ളവരും തിരക്കോട് തിരക്കുള്ളവരും ആയി തീരുവാൻ കഴിയും എന്നതിനെക്കുറിച്ച് ചില കാര്യങ്ങൾ അടുത്ത സമയത്തു ഞാൻ വായിച്ചു.

'സാത്താൻ ലോക വ്യാപകമായ ഒരു സംയുക്ത സമ്മേളനം വിളിച്ചുകൂട്ടി. പിശാചുക്കളെ അഭിസംബോധന ചെയ്തു കൊണ്ടുള്ള തൻറെ പ്രസംഗത്തിൽ അവൻ പറഞ്ഞു: 'നമുക്ക് ക്രിസ്ത്യാനികളെ പള്ളിയിൽ പോകുന്നതിൽ നിന്ന് മാറ്റാൻ കഴിയുകയില്ല. തങ്ങളുടെ വേദപുസ്തകം വായിക്കുന്നതിൽ നിന്ന് അവരെ മാറ്റി നിർത്താൻ കഴിയുകയില്ല. എന്നാൽ നമുക്ക് മറ്റു ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. ക്രിസ്തുവുമായി ഒരു ഉറ്റബന്ധം ഉണ്ടാകുന്നതിൽ നിന്ന് അവരെ മാറ്റിനിർത്താൻ നമുക്കു കഴിയും. അവർക്ക് യേശുവുമായുള്ള ആ ബന്ധം അവർ നേടിയാൻ പിന്നെ നമുക്ക് അവരുടെ മേലുള്ള ശക്തിയറ്റുപോകും. അതുകൊണ്ട് അവർ സഭയിൽ പോകുവാൻ അനുവദിക്കുക, അവരുടെ അടിസ്ഥാന ഉപദേശങ്ങൾ അവർക്കുണ്ടായിരിക്കട്ടെ, അവർക്ക് അവരുടെ യാഥാസ്ഥിതിക ജീവിത ശൈലി ഉണ്ടായിരിക്കട്ടെ, എന്നാൽ യേശുക്രിസ്തുവിൽ ഉള്ള വളരെ ആഴമായ ആ അനുഭവം വളർത്തുവാൻ അവർക്കു കഴിയാത്തവിധം അവരുടെ സമയം കവർന്നെടുക്കുക. പിശാചുക്കളായ നിങ്ങൾ ചെയ്യണമെന്ന് ഞാൻ നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് ഇതാണ്. അവരുടെ രക്ഷകനെ മുറുകെപ്പിടിക്കുന്നതിൽ നിന്ന് അവരുടെ ശ്രദ്ധ വ്യതിചലിപ്പിക്കുക.

അവൻറെ ദൂതങ്ങൾ ചോദിച്ചു: 'ഞങ്ങൾക്കിതെങ്ങനെ ചെയ്യാൻ കഴിയും'?

സാത്താൻ പറഞ്ഞു; ജീവിതത്തിൻറെ അനാവശ്യമായ കാര്യങ്ങളിൽ അവരെ തിരക്കുള്ളവരായി നിലനിർത്തുക. അവരുടെ മനസ്സിനെ സ്വായത്തമാക്കുവാൻ പറ്റിയ അസംഖ്യം തന്ത്രങ്ങൾ മെനയുക. അവരെ കൂടുതൽ കൂടുതൽ ചെലവാക്കുവാനും, കൂടുതൽ കൂടുതൽ കടം വാങ്ങുവാനും പ്രലോഭിക്കുക. അവർക്ക് തങ്ങളുടെ ഉന്നത നിലവാരമുള്ള ജീവിത ശൈലി നിലനിർത്തണമെങ്കിൽ, ഭാര്യമാർ ജോലിക്കു പോകണമെന്നും, ഭർത്താക്കന്മാർ ഒരാഴ്ചയിൽ ആറോ, ഏഴോ ദിവസങ്ങൾ, ഒരു ദിവസം 1012 മണിക്കൂർ വീതം ജോലിക്കു പോകണമെന്നും അവർക്ക് ബോധ്യം വരുത്തുക. തങ്ങളുടെ കുഞ്ഞുങ്ങളുടെ കൂടെ സമയം ചെലവഴിക്കാതെ അവരെ സൂക്ഷിക്കുക. അവരുടെ കുടുംബം ശിഥിലമായി തീരുന്നതുകൊണ്ട്, വളരെപ്പെട്ടന്നുതന്നെ ജോലിയുടെ സമ്മർദ്ദങ്ങളിൽ നിന്ന് ഒരു രക്ഷയും നൽകാൻ അവരുടെ ഭവനത്തിനു കഴിയാതെ വരും.

യേശു അവരോട് സംസാരിക്കുന്നത് അവർക്കുകേൾക്കുവാൻ കഴിയാത്ത വണ്ണം അവരുടെ മനസ്സിനെ അമിതമായി ഉത്തേജിപ്പിക്കുക. അവർ വാഹനം ഓടിക്കുമ്പോഴൊക്കെ റേഡിയോയും കാസറ്റ് പ്ലെയറും പ്രവർത്തിപ്പിച്ച് പാട്ട് കേൾക്കുവാനും,അവരുടെ ഭവനങ്ങളിൽ തുടർമാനം ടിവിയോ, വീഡിയോ ടേപ്പോ, സി.ഡി.കളോ പ്രവർത്തിപ്പിക്കുവാനും അവരെ വശീകരിക്കുക. ലോകത്തിലുള്ള എല്ലാ കടകളിലും ഭക്ഷണശാലകളിലും തുടർമാനം സംഗീതം കേൾപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുക.

അവരുടെ ഭക്ഷണമേശകൾ മാഗസിനുകളും വർത്തമാനപ്പത്രങ്ങളും കൊണ്ട് നിറയ്ക്കുക. ഒരു ദിവസം 24 മണിക്കൂറുകളും അവരുടെ മനസ്സ് വാർത്തകൾകൊണ്ട് കുത്തിചിക്കുക. കാര്യങ്ങൾ ചെയ്തെടുക്കുവാനുള്ള ശക്തി ലഭിക്കുന്ന സമയങ്ങളിൽ, പരസ്യബോർഡുകളിൽ പതിച്ചിരിക്കുന്ന വലിയ പരസ്യങ്ങളാൽ അവ കീഴടക്കുക. അവരുടെ തപാൽ പെട്ടികൾ

അനാവശ്യ തപാൽ ഉരുപ്പടികളാൽ നിറയ്ക്കുക: കുതിരപ്പന്തയത്തെപ്പറ്റിയുള്ള പരസ്യങ്ങൾ, എല്ലാവിധ വാർത്താപത്രികകൾ, തപാലിൽ അയയ്ക്കാൻ ആവശ്യപ്പെടുന്നതിനുള്ള സൂചിപത്രം, സ്ഥാനക്കയറ്റം വാഗ്ദാനം ചെയ്യുന്ന 'സൗജന്യ'ഉൽപന്നങ്ങൾ, സേവനങ്ങൾ, വ്യാജപ്രതീക്ഷകൾ തുടങ്ങിയവയെ സംബന്ധിക്കുന്ന മെയിലുകൾ.

അവരുടെ വിശ്രമവിനോദ വേളകളിൽ പോലും അവർ അമിതമായി പ്രവർത്തിക്കുന്നവരായിരിക്കട്ടെ, വാരാന്ത്യത്തിൽ സകുടുംബം അവധിയാഘോഷങ്ങൾ കഴിഞ്ഞ് മടങ്ങിവരുമ്പോൾ അവർ ക്ഷീണിതരായി, വരുന്ന ആഴ്ചയിലേക്ക് വേണ്ടി ഒരുക്കപ്പെടാതെ മടങ്ങി വരുവാൻ ഇടയാക്കുക. പ്രകൃതി ഭംഗി ആസ്വദിച്ചു കൊണ്ടുള്ള ഒരു നടത്തയ്ക്കായി പുറത്തു പോകുവാൻ അവരെ അനുവദിക്കരുത്. അതിനുപകരം അവരെ വിനോദ പാർക്കുകൾ, കായിക മത്സരവേദികൾ, സംഗീതകച്ചേരി, സിനിമാ തുടങ്ങിയ ഇടങ്ങളിലേക്ക് അയയ്ക്കുക. ആത്മീയ കൂട്ടായ്മയ്ക്കായി അവർ കൂടി വരുമ്പോൾ, ആധിയുള്ള മനസ്സാക്ഷിയോടും അസ്വസ്ഥമായ വികാരങ്ങളോടും കൂടെ അവിടം വിട്ടുപോകുവാൻ ഇടയാകാത്തവിധം പരദൂഷണവും, കൊച്ചുവർത്തമാനവും പറയുന്നതിൽ അവരെ ഉൾപ്പെടുത്തുക.

ക്രിസ്തുവിനുവേണ്ടി സാക്ഷികളാകുവാൻ അവരെ അനുവദിക്കുക. എന്നാൽ ക്രിസ്തുവിൽ നിന്ന് ശക്തിയാർജ്ജിക്കുവാൻ സമയം ഇല്ലാത്തവിധത്തിൽ അവരുടെ ജീവിതങ്ങൾ അനേകം നല്ല ഉദ്ദേശ്യങ്ങൾ കൊണ്ട് നിറക്കുക പെട്ടെന്നു തന്നെ അവർ തങ്ങളുടെ ആരോഗ്യവും കുടുംബത്തിൻറെ ഐക്യതയും ത്യജിച്ചിട്ട് അവരുടെ സ്വന്തശക്തിയിൽ പ്രവർത്തിക്കാൻ തുടങ്ങും എല്ലാം അവരുടെ ഉദ്ദേശത്തിൻറെ നന്മക്കായിട്ട്.

എല്ലായിടത്തും ക്രിസ്ത്യാനികളെ തിരക്കുള്ളവരായി, തിരക്കോടു തിരക്കുള്ള വരായി അവിടെയും, ഇവിടെയും ഓടിനടക്കുവാൻ ഇടയാക്കിക്കൊണ്ട്, പിശാചുക്കൾ ആകാംക്ഷയോടെ അവരെ ഏൽപ്പിച്ച ജോലികൾ ചെയ്തു തീർക്കുവാനായി പോയി.

പിശാച് തൻറെ തന്ത്രത്തിൽ വിജയിച്ചിട്ടുണ്ടോ? നിങ്ങൾ തന്നെ ന്യായാധിപനാകുക'